## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 196

13.02.2013ൽ
മറുപടിക്ക്

### എമർജിംഗ് കേരള

**ചോദ്യം**

ശ്രീ. സി.കൃഷ്ണൻ
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)
ശ്രീമതി .പി.അയിഷാപോറ്റി

(എ) എമർജിംഗ് കേരളയിൽ ഏതെല്ലാം പദ്ധതികളാണ് ആദ്യം ഉൾപ്പെടുത്തിയിരുന്നത്; ഇവയിൽ ഏതെല്ലാം പദ്ധതികൾ പിന്നീട് നീക്കം ചെയ്തു;

ബി) ഇപ്രകാരം പദ്ധതികൾ നീക്കം ചെയ്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

സി) പദ്ധതികൾ ഒഴിവാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

ഡി)വകുപ്പുകൾ അംഗീകരിച്ച് മന്ത്രിസഭ തത്വത്തിൽ അംഗീകാരം നൽകിയ ആദ്യ ലിസ്റ്റിൽ നിന്ന് വകുപ്പുകൾ അറിയാതെ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

ഇ) അന്തിമമായി പ്രസിദ്ധീകരിച്ച പദ്ധതികളിൽ ആദ്യം ഒഴിവാക്കിയ

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പുമന്ത്രി)

എ)& ബി) എമർജിംഗ് കേരള-2012 ൽ അവതരിപ്പിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾ, വകുപ്പുകൾ,ഏജൻസികൾ എന്നിവയിൽനിന്നും പ്രോജക്ട് പ്രൊഫൈൽസും പ്രോജക്ട് ആശയങ്ങളും ക്ഷണിക്കുകയുണ്ടായി. 26 മേഖലകളിലെ പദ്ധതികളാണ് ക്ഷണിച്ചിരുന്നത്. ഇപ്രകാരം ലഭിച്ച പദ്ധതികൾ അപ്പപ്പോൾ തന്നെ എമർജിംഗ് കേരളയുടെ വെബ് സൈറ്റിലും ഇടുകയായിരുന്നു. അതിനോടൊപ്പം തന്നെ പദ്ധതികളും നിർദ്ദേശങ്ങളും അതാത് വകുപ്പുകൾക്ക് വിദഗ്ദ പരിശോധനയ്ക്കും അയച്ചുകൊടുത്തിരുന്നു. ഇങ്ങനെ വിദഗ്ദ പരിശോധനയിൽ ചില പ്രോഫൈൽസ് കേരളത്തിന്റെ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതല്ലെന്ന് കണ്ടെത്തുകയും അവ അപ്പോൾ തന്നെ നീക്കം ചെയ്യുകയുമുണ്ടായി.

(സി) പദ്ധതികൾ ഒഴിവാക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു സമിതിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

(ഡി) & (ഇ) വകുപ്പുകൾ അറിയാതെ ഒരു പ്രോജക്ട് പ്രൊഫൈലും ഉൾപ്പെടുത്തുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടില്ല.

പദ്ധതികൾ വീണ്ടും ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ഇൻകെലിന്റെ പദ്ധതികളിൽ 90 വർഷം വരെ ഭൂമി പാട്ടത്തിന് നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നോ.

ജി) എങ്കിൽ ഇത് സർക്കാർ നയത്തിന് അനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

(എഫ്) & (ജി) ഇൻകെലിന്റെ സർക്കാർ അംഗീകരിച്ച പദ്ധതികൾക്ക് 90 വർഷം വരെ ഭൂമി പാട്ടത്തിന് നൽകുമെന്ന് വ്യക്തമാക്കിയിരുന്നു.

**സെക്ഷൻ ഓഫീസർ**